# ഒന്നാം പാദവാർഷിക മൂല്യനിർണയം -2017

## മലയാളം

## കേരളപാഠാവലി

സ്റ്റാന്റേർഡ് X

സമയം :1½ മണിക്കൂർ

ആകെ സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

1. ഏറെജ്ജനത്തെ വിഴുങ്ങിയിട്ടും,വിശ-
പ്പാറാത്ത കാലമാം നീരാളി.........
ഈ കാവ്യഭാഗത്തിലെ ആശയത്തോട് സമാനമായ വരി എടുത്തെഴുതുക.
i). ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
ii) കാലാഹിനാ പരിഗ്രസ്തമാം ലോകം
iii) സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
iv) ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം 1

2. കാമം,ക്രോധം,ലോഭം,മോഹം എന്നീ പദങ്ങൾ ചേർന്നാണ് കാമക്രോധലോഭമോഹാദികൾ എന്ന പദം രൂപപ്പെട്ടത്. ഇതു പോലെ 'മാതാപിതൃഭ്രാതൃമിത്ര സഖികൾ' എന്ന പദക്കൂട്ടിലെ ഘടകപദങ്ങൾ കണ്ടെത്തിയെഴുതുക. 1

3. 'പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ,സപദി വല്ലിയായി നീ
അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്നത്
i). ജീവിതലക്ഷ്യം കൈവരിച്ചതിലെ സന്തോഷം
ii) പരാശ്രയത്വം
iii) രൂപപരമായ മാറ്റം
iv) ജീവിതമാറ്റം 1

4. "കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളു എന്ന പ്രയോഗത്തിൽ സൂചിതമാകുന്ന ഏതെങ്കിലും ഒരു അർത്ഥകല്പന കണ്ടെത്തിയെഴുതുക. 1

5. രഘുവംശം ഉദാത്തമായ കവിതയാണെന്ന് എൻ.വി കൃഷ്ണവാര്യർ പറയുന്നതിന്റെ ഔചിത്യമെന്താണ്? 2

6. വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നു കൂട്ട നിലവിളി ഉയർന്നു.

ഈ വാക്യത്തിൽ നിന്നു ലഭ്യമാകുന്ന രണ്ട് സൂചനകൾ എന്തെല്ലാം? കഥാസന്ദർഭം മുൻനിർത്തി എഴുതുക. 2

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (അരപ്പുറം - 50 വാക്ക് ) ഓരോന്നിനും 4 സ്കോർ വീതം.**

7. കാവ്യഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

ധീരനായ യതി നോക്കി തന്വിതൻ
ഭൂരി ബാഷ്പ പരിപാടലം മുഖം
പൂരിതാഭയോടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം 4

8. " മാധവം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ് താഴത്ത് കുഞ്ഞുക്കുട്ടിയമ്മ ". മാധവം തലത്ത് സ്വന്തം ജീവിതത്തെക്കുറിച്ച് നടത്തുന്ന ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക. 4

9. 'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ'

-- **കുമാരനാശാൻ**

' എന്റെ സർവ്വസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്ത ശൃംഖല പൊട്ടിക്കുവാൻ എന്റെ സർവ്വശക്തിയും ഞാൻ ദാനം ചെയ്യുന്നു. ഉടനെ തന്നെ ഞാൻ അറസ്റ്റു വരിക്കും'.

-വൈക്കം മുഹമ്മദ് ബഷീർ

മേൽക്കൊടുത്ത വരികളിലെ നിരീക്ഷണത്തോട് യോജിക്കുന്ന മനോഭാവങ്ങൾ ബഷീറിന്റെ അമ്മ എന്ന ഓർമ്മക്കുറിപ്പിൽ കാണാൻ കഴിയുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. 4

10. വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു. "മകനേ!" കണ്ടുണ്ണി മറുവിളി വിളിച്ചു. "അപ്പാ " രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദു:ഖത്തിൽ മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.

വൈകാരിക തീഷ്ണമായ സന്ദർഭങ്ങളെ ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുന്ന കഥാകാരനാണ് ഒ.വി.വിജയൻ.ഉചിതമായ മറ്റൊരു കഥാസന്ദർഭം കൂടി കണ്ടെത്തി സമർഥിക്കുക. 4

11. "അനുകരണം അഭിനന്ദനത്തിന്റെ ശരിയായ രൂപമാണെങ്കിൽ ഈ ചെറുകാവ്യത്തിന് ലഭിച്ചത്ര അഭിനന്ദനം കാളിദാസന്റെയെന്നല്ല മറ്റൊരു കവിയുടേയും മറ്റൊരു രചനയ്ക്കും ലഭിച്ചിട്ടില്ല ".

- ഈ പ്രസ്താവനയിലൂടെ സൂചിതമാകുന്ന 'മേഘസന്ദേശ'ത്തിന്റെ മഹത്വമെന്താണ്? ലഘുക്കുറിപ്പ് തയാറാക്കുക. 4

12. ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം
എഴുത്തച്ഛന്റെ ഉപദേശങ്ങൾക്കുള്ള കാലിക പ്രസക്തി വിലയിരുത്തി കുറിപ്പ് തയാറാക്കുക. 4

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. (ഒരുപുറം -100 വാക്ക്) 6 സ്കോർ**

13. ദേശസ്നേഹം മാതൃസ്നേഹത്തിന് തുല്ല്യമാണെന്ന് സമർഥിക്കുകയാണ് തന്റെ ഓർമ്മക്കുറിപ്പിലൂടെ ബഷീർ ചെയ്യുന്നത്- അമ്മ എന്ന രചനയുടെ പശ്ചാത്തലത്തിൽ ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. 6

14. 
- അതിപരിചിതമായ ദൃശ്യം അസാധാരണമായ ഭാഷ
- ഗുരുസ്ഥാനത്തു നിന്നു പറയാനുള്ള ശേഷി (പ്രബോധനാത്മകത)
- മനുഷ്യാവസ്ഥയെക്കുറിച്ചുള്ള തികഞ്ഞ ജ്ഞാനം

എഴുത്തച്ഛന്റെ കാവ്യരീതിയുമായി ബന്ധപ്പെട്ട ചില നിരീക്ഷണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ലക്ഷ്മണസാന്ത്വനം എന്ന കവിതാഭാഗത്തു നിന്ന് ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി ലഘൂപന്യാസം തയാറാക്കുക. 6

15. ചുവടെ കൊടുത്തിട്ടുള്ള കാവ്യഭാഗത്തിന് ആസ്വാദനം തയാറാക്കുക.

ഏഴാമത്താങ്ങള കൺതുറന്ന്
ഏഴുനാളായപ്പോൾ അമ്മ പോയീ!
താഴെയുളേളഴിനും അമ്മയായീ
താഴംപൂ പോലുള്ള കുഞ്ഞേടത്തി !
കണ്ണെഴുതാറില്ല കുഞ്ഞേടത്തി !
കണ്ണെഴുതിക്കാനേ നേരമുള്ളൂ!
പൊട്ടുതൊടാറില്ലാ കുഞ്ഞേടത്തി !
പൊട്ടു തൊടീക്കാനേ നേരമുള്ളു!
ഉണ്ണാനൊരുങ്ങാനുമില്ല നേരം!
ഉണ്ണികൾക്കെല്ലാം മുറയ്ക്കു വേണ്ടേ!
ഇല്ലൊന്നുറങ്ങാനുമില്ല നേരം!
ഇല്ലത്തെപ്പാടുകളോർത്തിടേണ്ടേ?
കത്തുന്നോരേഴു തിരികൾ ചൂഴും
കുത്തുവിളക്കിന്റെ കൂമ്പു പോലെ
ഏഴു പൊന്നാങ്ങളമാർ നടുവിൽ
ഏവർക്കുമമ്മയായ് കുഞ്ഞേടത്തി . 6

ഒ.എൻ.വി കുറുപ്പ്